**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

2026 ജൂൺ 23, ചൊവ്വ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| **മറുപടി നൽകുന്ന മന്ത്രിമാർ** |
|---|
| **ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി** |
| **വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി** |
| **വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി** |
| **സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി** |

**<u>വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം</u>**

***31 ശ്രീ. കെ. പ്രേമൻ**

**ശ്രീ. വി. ജോയി**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** പ്രസ്തുത കാലയളവിൽ എത്ര മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

**(സി)** വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകാമോ?

**<u>എം.എസ്.എം. ഇ. കൾക്ക് പ്രോത്സാഹനം</u>**

*32 **ശ്രീ. എം. വിജിൻ**

**ശ്രീ. സജി ചെറിയാൻ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

**(ബി)** പ്രശ്നങ്ങൾ നേരിടുന്ന സംരംഭങ്ങളെ കണ്ടെത്തി പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

**(സി)** തെരഞ്ഞെടുത്ത എം.എസ്.എം. ഇ. കളെ ശരാശരി നൂറ് കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ മിഷൻ 1000 കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## <u>ഓപ്പറേഷൻ ഡി-ഹണ്ട്</u>

*33 **ശ്രീ. വി. ടി. ബൽറാം**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ഓപ്പറേഷൻ ഡി-ഹണ്ടിലൂടെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികളെന്താണെന്നും വിശദമാക്കാമോ;

**(ബി)** ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**(സി)** ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പ്രോജക്ട് സീറോ പദ്ധതി

***34** **ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. എൻ. ശക്തൻ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥരെ കുടുക്കാൻ പൊതുജന പങ്കാളിത്തത്തോടെ വിജിലൻസ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

**(ബി)** സർക്കാർ വകുപ്പുകൾക്ക് മേൽ എ. ഐ. നിരീക്ഷണം ഏർപ്പെടുത്തി അഴിമതി ഇല്ലാതാക്കാനുള്ള 'പ്രോജക്ട് സീറോ' പദ്ധതി വിജിലൻസ് ആവിഷ്കരിച്ചിട്ടുണ്ടോയെന്നു വിശദമാക്കാമോ;

**(സി)** കേരളത്തെ അഴിമതിരഹിത സംസ്ഥാനമായി മാറ്റുക എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്നറിയിക്കാമോ?

## വിയ്യൂർ സെൻട്രൽ ജയിലിലെ കസ്റ്റഡി മരണം

***35** **ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിയ്യൂർ സെൻട്രൽ ജയിലിൽ റിമാൻഡ് തടവുകാരനായിരുന്ന രേഷ് ബാബു എന്നയാൾ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

**(ബി)** മർദ്ദനമേറ്റാണ് മരണം എന്നാരോപിച്ച് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

**(സി)** മരിച്ച യുവാവ് മാനസിക വെല്ലുവിളി നേരിടുന്നയാളായിട്ടും പോലീസ് അക്കാര്യം മറച്ചുവെച്ചു എന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഡി)** പൂർണ്ണ ആരോഗ്യവാനായിരുന്ന പ്രസ്തുത തടവുകാരനെ അബോധാവസ്ഥയിൽ വായിലൂടെയും മൂക്കിലൂടെയും ട്യൂബ് ഇട്ട നിലയിൽ ബന്ധുക്കൾ കാണാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

## <u>കേരള ടെക് ബ്രാൻഡ്</u>

***36 ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരള ടെക് എന്ന പുതിയ ബ്രാൻഡ് കൊണ്ടുവരുന്നതു വഴി ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്ന പുതിയ സംരംഭക സാധ്യതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

**(ബി)** പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എ.ഐ.യുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(സി)** നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

## <u>വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത</u>

***37 ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ നിലവിലെ പ്രതിദിന വൈദ്യുതി ഉപഭോഗത്തിന്റെ തോത് എത്രയാണ്; ഇതിൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതും പുറത്തുനിന്ന് വാങ്ങുന്നതുമായ വൈദ്യുതിയുടെ അളവ് വ്യക്തമാക്കാമോ;

**(ബി)** ഗ്രീൻ ഹൈഡ്രജൻ, കാറ്റാടിപ്പാടങ്ങൾ എന്നിവ വഴി അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

**(സി)** വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>പ്രൊജക്ട് സീറോ നടപടികളും വിജിലൻസ് മാന്വലിന്റെ പരിഷ്ക്കരണവും</u>**

***38 ശ്രീ. ദീപക് ജോയ്**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** അഴിമതി തടയുന്നതിനും ഭരണനിർവ്വഹണം കുറ്റമറ്റതാക്കുന്നതിനും ആരംഭിച്ച പ്രൊജക്ട് സീറോ പദ്ധതിയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; നാളിതുവരെ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

**(ബി)** നിലവിലുള്ള വിജിലൻസ് മാന്വലിന്റെ പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോ; വിജിലൻസ് മാന്വൽ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**(സി)** കൈക്കൂലിയും അഴിമതിയും സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമർപ്പിക്കുന്നതിന് നൂതനമാർഗ്ഗങ്ങൾ ആവിഷ്കരിക്കുമോ; അഴിമതി തടയുന്നതിന് നൂതനസാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വ്യക്തമാക്കാമോ?

**<u>കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നടപടികൾ</u>**

***39 ശ്രീ. സിറിയക് തോമസ്**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിക്കുന്ന പദ്ധതികളും നടപടികളും വിശദീകരിക്കാമോ;

**(ബി)** പുതിയ സംരംഭങ്ങൾക്കും നിലവിലെ സംരംഭങ്ങളുടെ വികസനത്തിനുമുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിവിധ വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

**(സി)** കെ- സ്വിഫ്റ്റ് ആധുനികവത്കരിക്കുന്നതിനും നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

## <u>സഹകരണമേഖലയുടെ സമഗ്രമായ വികസനത്തിന് നടപടി</u>

***40 ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സഹകരണ മേഖലയുടെ സമഗ്രമായ വികസനത്തിന് ആസൂത്രണം ചെയ്തിട്ടുള്ള നടപടികളും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

**(ബി)** സഹകരണമേഖലയിലെ അഴിമതിയും സാമ്പത്തികക്രമക്കേടുകളും ഇല്ലാതാക്കാൻ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുമോ; സാമ്പത്തികക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

**(സി)** നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും

വായ്പകളുടെ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുക; വിശദമാക്കാമോ?

## സഹകരണ മേഖലയുടെ പുരോഗതി

***41 ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. പി. പ്രസാദ്**
**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ആഗോളതലത്തിൽ കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ അടയാളപ്പെടുത്തുന്ന മികച്ച സഹകരണസംഘങ്ങളെ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ, ആകർഷിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** നാലുവർഷം കൊണ്ട് അഞ്ചുലക്ഷത്തോളം തൊഴിലവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെ ഭാഗമായി വനിതാ സഹകരണ സംഘങ്ങളെ ഉൽപ്പാദക യൂണിറ്റുകളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** സൈബർ ഫിസിക്കൽ സിസ്റ്റംസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, നെറ്റ്‌വർക്ക് മുതലായ നാലാംതലമുറ വ്യവസായങ്ങൾ യുവാക്കളുടെ സ്റ്റാർട്ട് അപ്പ് സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

## ലഹരി - മയക്കുമരുന്നു സംഘങ്ങളുടെ പ്രവർത്തനം

***42 ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ ലഹരി, മയക്കുമരുന്ന് സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിനും പോലീസ് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(ബി)** ലഹരി, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നവരെയും വിൽക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിരീക്ഷിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

**(സി)** സ്കൂൾ കുട്ടികൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കാലാവസ്ഥാ വ്യതിയാനവും താപനിലയിലെ വർദ്ധനവും</u>

***43 ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കനത്ത ഉരുൾപൊട്ടൽ സാധ്യതയുള്ള മലയോര മേഖലകളിൽ അനധികൃത കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തടയുന്നതിന് നടപടികൾ സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

**(ബി)** കേരളത്തിൽ സമീപകാലത്തായി പ്രകടമാകുന്ന തീവ്ര കാലാവസ്ഥാ വ്യതിയാനവും താപനിലയിലെ വർദ്ധനവും പഠിക്കുന്നതിനായി രൂപീകരിച്ച 'ക്ലൈമറ്റ് ചേഞ്ച് സെല്ലിന്റെ' കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**(സി)** തീരശോഷണം തടയുന്നതിന് ജിയോ ട്യൂബുകൾ, ടെട്രാപോഡുകൾ എന്നിവ സ്ഥാപിക്കുന്നത് വഴിയുണ്ടാകുന്ന പരിസ്ഥിതി ആഘാതങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

## <u>ഓപ്പറേഷൻ ഭൂഫാൻ</u>

***44 ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കഴിഞ്ഞ പത്തുവർഷ കാലയളവിൽ സംസ്ഥാനത്ത് ലഹരിക്കടത്തും അതിന്റെ വിപണനവും കൂടിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

**(ബി)** ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ലഹരി വേട്ടക്കുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(സി)** തൂഫാൻ വോറിയർമാരായി നിയോഗിക്കാൻ ഉദ്ദേശിക്കുന്നത് ആരെയൊക്കെയാണെന്നും ഇവരുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്നും വിശദമാക്കാമോ?

## <u>സഹകരണ മേഖലയുടെ വൈവിധ്യവൽക്കരണം</u>

***45 ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സഹകരണ സേവന മേഖലയുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

**(ബി)** സഹകരണ സംഘങ്ങളിലെയും സഹകരണ ബാങ്കുകളിലെയും തട്ടിപ്പുകളും അതിനെത്തുടർന്നുണ്ടാകുന്ന സാമ്പത്തിക തകർച്ചയും തടയുന്നതിനായി ഓഡിറ്റ് ഉൾപ്പെടെയുള്ള പരിശോധനാ സംവിധാനങ്ങളിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**(സി)** സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ നിന്നുള്ള 5 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് ലഭിക്കേണ്ട നിക്ഷേപ ഗ്യാരന്റി, സംഘത്തിന്റെ പ്രവർത്തനം പൂർണമായും അവസാനിപ്പിക്കുന്ന ഘട്ടത്തിൽ മാത്രമേ

ലഭിക്കുകയുള്ളൂ എന്ന നിബന്ധന നിലനിൽക്കുന്നത് മൂലം പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിക്ഷേപകർക്ക് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(ഡി)** സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം ലക്ഷ്യമിട്ട്, സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾക്ക് അടിയന്തര/ ഇടക്കാല സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

**(ഇ)** സഹകരണ മേഖലയിലെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

## <u>സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം</u>

***46** **ശ്രീ. കെ. രാജൻ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നവീന ആശയങ്ങളെയും നവസംരംഭങ്ങളെയും വാർത്തെടുക്കുന്ന സ്റ്റാർട്ടപ്പ് മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ആഗോളവിപണിയിൽ ആധിപത്യം സ്ഥാപിക്കാൻ ശേഷിയുള്ള ബിസിനസ് സ്റ്റാർട്ടപ്പുകൾ കേരളത്തിൽ വളർത്തിയെടുക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കോർപ്പറേറ്റ് മേഖലയെ പരിചയപ്പെടുത്തുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകളുടെ വിപണി വിപുലീകരിക്കുന്നതിനും നിക്ഷേപം

ആകർഷിക്കുന്നതിനും മുൻ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** ലോകോത്തര നിലവാരമുള്ള ഉൽപ്പന്നങ്ങൾ കേരളത്തിൽ വികസിപ്പിക്കാൻ സ്റ്റാർട്ടപ്പ് സംരംഭകർക്ക് ധനസഹായം നൽകുന്ന 'ബിൽഡ് ഇറ്റ് ബിഗ് ഫോർ ബില്യൺസ്'എന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഗ്രീൻ ഹൈഡ്രജൻ നയം</u>**

***47 ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. കെ. രാജൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വൈദ്യുത ഉല്പാദന രംഗം കാർബൺ ന്യൂട്രൽ ആയി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജ്ജോല്പാദനം പടിപടിയായി ഉയർത്തികൊണ്ട് വരുന്നതിനായി മുൻ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** വാണിജ്യാടിസ്ഥാനത്തിൽ ഹരിത ഹൈഡ്രജൻ/അമോണിയ ഉത്പാദിപ്പിക്കുന്ന വൻകിട പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ മുൻ സർക്കാരിന്റെ കാലയളവിൽ വിവിധ സംരംഭകരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** 'ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ – കേരള' എന്ന പ്രത്യേക ഉദ്ദേശ്യ കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് മുൻ സർക്കാരിന്റെ കാലയളവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** ഗ്രീൻ ഹൈഡ്രജൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ</u>**

***48 ശ്രീ. കെ. ബിനിമോൻ**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളെ അടിച്ചമർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**(ബി)** സംസ്ഥാനത്തെ രാത്രികാല സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി, നിലവിലുള്ള പിങ്ക് പോലീസ്, നൈറ്റ് പട്രോളിംഗ് സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വിശദമാക്കാമോ;

**(സി)** അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലും തൊഴിലിടങ്ങളിലും ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

## ഐ.ടി. വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യവികസനം

***49 ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. വി. സുമേഷ്**

**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷക്കാലത്ത് ഐ.ടി. വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** തിരുവനന്തപുരം ടെക്നോ പാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക്, മറ്റ് ഐ.ടി. പാർക്കുകൾ എന്നിവയിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ എത്ര ചതുരശ്ര അടി സ്പേസ് പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്; ഓരോ പാർക്കിനെയും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

***50 ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം യഥാസമയം അവലോകനം ചെയ്യുന്നതിനും കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ബി)** നഷ്ടത്തിലായ യൂണിറ്റുകളെ ലാഭകരമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

## ഗുണ്ടാ ലഹരി മാഫിയാ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

***51 ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. കല്ലട മാഹിൻ**
**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഗുണ്ട, ലഹരി, മാഫിയാ സംഘങ്ങൾ അഴിഞ്ഞാടുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവമായി പരിശോധിക്കുമോ; വിശദമാക്കുമോ;

**(ബി)** ഇത്തരം സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി പോലീസ് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുമോ; വിശദാംശം നൽകുമോ;

**(സി)** ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരംക്ഷണം നൽകുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

## വായ്പാകുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ

***52** **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സഹകരണ ബാങ്കുകളിലും സംഘങ്ങളിലും വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് എന്തെങ്കിലും സഹായപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നല്കാമോ;

**(ബി)** വായ്പാ തിരിച്ചടവ് മുടങ്ങിയവർക്കുള്ള ആശ്വാസ് പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

**(സി)** വായ്പാ തിരിച്ചടവ് മുടങ്ങിയവർക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ എന്തെല്ലാം ഇളവുകളാണ് നൽകുന്നതെന്ന് വിശദീകരിക്കാമോ?

## ലഹരി വ്യാപനം തടയുന്നതിന് നടപടി

***53** **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീമതി ഗീതാ ഗോപി**

**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ലഹരി വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെയെല്ലാം കൂട്ടായ പ്രവർത്തനങ്ങൾ നിർണ്ണായകമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** മയക്കുമരുന്ന് വിതരണവും ഉപയോഗവും പൂർണമായി നിർമ്മാർജനം ചെയ്ത് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചിരുന്നോ; എങ്കിൽ വിശദമാക്കാമോ;

**(സി)** ലഹരിയിൽ നിന്നും സാധാരണജീവിതത്തിലേക്ക് മടങ്ങിവരുന്നവരെ ഉൾക്കൊള്ളുന്ന തരത്തിൽ സമൂഹത്തെ മാറ്റിയെടുക്കുന്നതിനും അവർ വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാനുള്ള ജാഗ്രത പുലർത്തുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**(ഡി)** ലഹരിക്കടത്തിന് കുട്ടികളെ ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടിയാണ് എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

***54 ശ്രീമതി ഉഷ വിജയൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

**(ബി)** സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വിൽപ്പന തടയുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ; വ്യക്തമാക്കുമോ;

**(സി)** സംസ്ഥാന അതിർത്തികളിലൂടെയുള്ള ലഹരിമരുന്ന് കടത്ത് തടയുന്നതിനായി അതിർത്തി ചെക്ക്പോസ്റ്റുകളിൽ ആധുനിക സ്കാനിംഗ് സംവിധാനങ്ങളും എക്സ്റേ മൊബൈൽ വാനുകളും ഏർപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

## തടവുകാർ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും ഉപയോഗിച്ചതിൽ അന്വേഷണം

***55 ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും വ്യാപകമായി ഉപയോഗിച്ചിരുന്നുവെന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഗൗരവത്തോടെ കാണുമോ; വ്യക്തമാക്കാമോ;

**(ബി)** സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും ഉപയോഗിക്കുന്നത് തടയുന്നതിനായി ജാമറുകളും ഡ്രോൺ നിരീക്ഷണ സംവിധാനങ്ങളും ഉൾപ്പെടെ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ;

**(സി)** മുൻ സർക്കാരിന്റെ കാലയളവിൽ രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികൾ ഉൾപ്പെടെയുള്ളവർക്ക് അനധികൃത പരോളുകൾ അനുവദിച്ചതിലും ജയിലിനുള്ളിൽ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും ഉപയോഗിക്കുന്നതിന് അവസരം നൽകിയതുമായ സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ?

## തോട്ടം മേഖലയുടെ സംരക്ഷണത്തിനായി സ്വീകരിക്കുന്ന നടപടികൾ

***56 ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

വിശദീകരിക്കാമോ;

**(ബി)** സംസ്ഥാനത്തെ തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും വരുമാനവർദ്ധനവും ലക്ഷ്യമിട്ട് നിലവിൽ അനുവദനീയമായ വിളകൾക്ക് പുറമേ മറ്റു ദീർഘകാല വിളകളും കൃഷി ചെയ്യാനുള്ള അനുമതി നൽകുമോ; ഇതിനായി നിയമ /ചട്ട ഭേദഗതി അനുപേക്ഷണീയമാണോ; വിശദീകരിക്കാമോ;

**(സി)** തളർച്ച നേരിടുന്ന തോട്ടം മേഖലയുടെ സംരക്ഷണത്തിനായി തോട്ടങ്ങളിൽ കന്നുകാലി വളർത്തൽ, പന്നിവളർത്തൽ തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കാനും ഇവയിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും വിപണനത്തിനും അനുമതിയും പ്രോത്സാഹനവും നൽകുന്നത് പരിഗണിക്കുമോ; വിശദീകരിക്കാമോ;

**(ഡി)** തോട്ടം മേഖലയിൽ നിലവിലെ വിളകളോടൊപ്പം പരീക്ഷണാടിസ്ഥാനത്തിൽ ഇടവിളകൾ കൃഷി ചെയ്യുന്നതിന് അനുമതി നൽകുന്നത് വരുമാന വർദ്ധനവിനുതകുമെന്ന് കരുതുന്നുണ്ടോ; വിശദീകരിക്കാമോ;

**(ഇ)** തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ സുതാര്യമായ വിലനിർണയം ലക്ഷ്യമിട്ട് ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

**(എഫ്)** വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ തോട്ടങ്ങളിൽ ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കാമോ?

## <u>ഓപ്പറേഷൻ ഡി ഹണ്ടും ഓപ്പറേഷൻ ഗുഫാനും</u>

***57 ശ്രീ. വി. ജോയി**

**ശ്രീ. സജി ചെറിയാൻ**

**ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് മയക്കുമരുന്ന് വിൽപ്പനക്കാരെ പിടികൂടാൻ മുൻ സർക്കാർ ആരംഭിച്ച ഓപ്പറേഷൻ ഡി-ഹണ്ട് എന്ന പദ്ധതി ഇപ്പോൾ

നിലവിലുണ്ടോ;

**(ബി)** ഓപ്പറേഷൻ ഡി ഹണ്ടും ഓപ്പറേഷൻ തൂഫാനും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ വിശദമാക്കാമോ;

**(സി)** ഓപ്പറേഷൻ ഡി ഹണ്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെയും അറസ്റ്റ് ചെയ്തിട്ടുള്ളവരുടെയും എണ്ണം, അതുവഴി പിടിച്ചെടുത്ത ലഹരി സാധനങ്ങൾ ഏതെല്ലാം എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

**(ഡി)** ഓപ്പറേഷൻ ഡി ഹണ്ട് എന്നത് ഓപ്പറേഷൻ തൂഫാൻ എന്നു മാറ്റുക വഴി പ്രസ്തുത പരിപാടിയുടെ പേര് മാറ്റുക മാത്രമാണോ ചെയ്തത്; പുതിയതായി ഏതെങ്കിലും പ്രത്യേക അന്വേഷണം, നിയമ നടപടികൾ തുടങ്ങിയവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ</u>

***58** **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**
**ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഭരണനിർവഹണം കാലോചിതമായി പരിഷ്കരിക്കുന്നതിനും സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ പ്രാപ്യമാക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ബി)** എ.ഐ. യുടെ ഉപയോഗം ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ചിട്ടുള്ള കെ-എ.ഐ. മിഷൻ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

**(സി)** സർക്കാർ വകുപ്പുകളെയും സ്റ്റാർട്ടപ്പ് സംരംഭങ്ങളെയും സ്റ്റാർട്ടപ്പ് മേഖലയിലെ ഗവേഷകരെയും കോർത്തിണക്കി എ.ഐ. യുടെ ഉപയോഗത്തിലൂടെ ഭരണനിർവഹണത്തിലും സംസ്ഥാനത്തിന്റെ തനതായ ആവശ്യങ്ങളിലും എന്തെല്ലാം ക്രിയാത്മക ഇടപെടലുകൾ സാധ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

**(ഡി)** എ.ഐ. സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങളും പ്രോത്സാഹന പദ്ധതികളും എന്തൊക്കെയാണ്; കൂടുതൽ സംരംഭകരെ എ.ഐ. സ്റ്റാർട്ടപ്പ് മേഖലയിലേക്ക് ആകർഷിക്കാൻ ഈ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(ഇ)** നിർമ്മിത ബുദ്ധിയുടെ ഉപയോഗം കൂടുതൽ ജനസൗഹൃദവും സുരക്ഷിതവുമാക്കാൻ ലക്ഷ്യമിട്ട് എ.ഐ. നയം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന വ്യക്തമാക്കാമോ?

## <u>ഓപ്പറേഷൻ ഡി-ഹണ്ട്</u>

***59 ശ്രീ. നീലകണ്ഠൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി ആരംഭിച്ച ഓപ്പറേഷൻ ഡി-ഹണ്ടിന്റെ പുരോഗതി വ്യക്തമാക്കാമോ;

**(ബി)** കഴിഞ്ഞ ഒരു മാസത്തിനിടെ ലഹരി മരുന്ന് വിൽപന, ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പ്രതികളുടെയും പിടിച്ചെടുത്ത മയക്കുമരുന്നുകളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

**(സി)** മയക്കുമരുന്ന് കേസുകളിൽ പിടിക്കപ്പെടുന്ന പ്രതികളുടെ അന്തർസംസ്ഥാന ബന്ധങ്ങളും സാമ്പത്തിക സ്രോതസ്സുകളും കണ്ടെത്താൻ പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ റിപ്പോർട്ട്</u>

***60 ശ്രീ. പി. പി. സുമോദ്**
**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

**(എ)** സംസ്ഥാനത്ത് 2024-25-ൽ വൈദ്യുതി പ്രസരണ-വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് സാധിച്ചതായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** എത്ര ശതമാനം വൈദ്യുതി പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനാണ് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചത്; എത്ര ശതമാനമായി കുറയ്ക്കാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

**(സി)** നഷ്ടം കുറച്ചതിലൂടെ എത്ര ദശലക്ഷം വൈദ്യുതി ലാഭിക്കാൻ ബോർഡിന് കഴിഞ്ഞിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

**(ഡി)** ഇതുവഴി വൈദ്യുതി നിരക്കായി ജനങ്ങളിൽ നിന്നും ഈടാക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 14, ഞായർ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].